കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആസ്തിവികസനം - **കുറ്റ്യാടി** നിയോജക **മണ്ഡലം - വട്ടോളി ഗവ.യു.പി സ്കൂൾ കെട്ടിട നിർമ്മാണം-കുന്നുമ്മൽ ഗ്രാമപഞ്ചായത്ത്**- ഭരണാനുമതി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ(സാധാ)നം.1991/17/തസ്വഭവ തിരുവനന്തപുരം, തീയതി,16.06.2017

---

വായന: -1) 04/03/2016 തീയതിയിലെ സ.ഉ(സാധാ)1209/2016/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്

2) 19/04/2017 തീയതിയിലെ കുന്നുമ്മൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്.

3) ശ്രീ. പാറയ്ക്കൽ അബ്ദുല്ല എം.എൽ.എ യുടെ 30/05/2017 ലെ കത്ത്

**ഉത്തരവ്**

**കുറ്റ്യാടി** നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്ന **ശ്രീമതി. കെ.കെ ലതിക** എം.എൽ. എ യുടെ 2015-16 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും **100 ലക്ഷം രൂപ (നൂറ് ലക്ഷം രൂപ മാത്രം)വട്ടോളി ഗവ.യു.പി. സ്കൂൾ കെട്ടിട നിർമ്മാണം-കുന്നുമ്മൽ ഗ്രാമപഞ്ചായത്ത്** എന്ന പ്രവൃത്തിയ്ക്ക് പരാമർശ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി എന്ന സ്ഥാപനം മുഖേന നടത്തുന്നതിന് അനുമതി നല്കണമെന്ന് മുകളിൽ രണ്ടാമതായി വായിച്ച കത്തുപ്രകാരം അപേക്ഷിച്ചിരുന്നു. ആയതിന് അനുമതി ലഭ്യമാക്കണമെന്ന് മുകളിൽ മൂന്നാമതായി വായിച്ച കത്തുപ്രകാരം ശ്രീ.പാറയ്ക്കൽ അബ്ദുല്ല എം.എൽ.എ അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **വട്ടോളി ഗവ.യു.പി. സ്കൂൾ കെട്ടിട നിർമ്മാണം -കുന്നുമ്മൽ ഗ്രാമപഞ്ചായത്ത്** എന്ന പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി എന്ന സ്ഥാപനം മുഖേന നടത്തുന്നതിന് അനുമതി നൽകി മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവ് ഭേദഗതി വരുത്തി ഇതിനാൽ ഉത്തരവാകുന്നു.

മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൻ. വിശ്രുതൻ ആചാരി**

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി, കോഴിക്കോട്
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കുന്നുമ്മൽ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്.
വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര്യ(എൻ.സി.സി) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ